# തുളുനാടും സ്വാതന്ത്ര്യ സമരവും

ഡോ. എ. എം. ശ്രീധരൻ



തുളുനാടും സ്വാതന്ത്ര്യ സമരവും

ഡോ. എ. എം. ശ്രീധരൻ
(മലയാളം: ലേഖനം)

© 2023, Dr. A. M. Sreedharan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Schönau near Teplitz, a painting by Carl Gustav Carus (1789–1869). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# തുളുനാടും സ്വാതന്ത്ര്യ സമരവും



ഡി. കെ. ചൗട്ട

ഇന്ത്യയുടെ ഇതരഭാഗങ്ങളിലെന്നപോലെ കാസർഗോഡ്, മംഗലാപുരം, ഉടുപ്പി ജില്ലകളടങ്ങുന്ന തുളുനാട്ടിലും സ്വാതന്ത്ര്യസമരത്തിന്റെ ശക്തമായ മുന്നേറ്റങ്ങളുണ്ടായിട്ടുണ്ട്. വ്യക്തികളായും സംഭവങ്ങളായും പ്രതിരോധ സമരങ്ങളായും അവ പടർന്നു നിൽക്കുന്നു. അതൊക്കെ നമ്മുടെ ലിഖിത ചരിത്രത്തിന്റെ ഭാഗവും പ്രസിദ്ധവുമാണ്. എന്നാൽ, സാഹിത്യവും സ്വാതന്ത്ര്യ സമരവും തമ്മിലുള്ള ബന്ധം വേണ്ട രീതിയിൽ ശ്രദ്ധിക്കപ്പെടുകയോ ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. 1921-ൽ എഴുതിയ എസ്. യു. പനിയാഡിയുടെ സതികമലയെയും 2006-ൽ എഴുതിയ ഡി. കെ. ചൗട്ടയുടെ മിത്തബയൽ യമുനക്കയെയും മുൻ നിർത്തി അത്തരം ഒരാലോചനയാണ് ഇവിടെനടത്തുന്നത്.



സി. രാജഗോപാലാചാരി

തുളുഭാഷയിലെ ആദ്യ നോവലാണ് സതികമല. തന്റെ ഇരുപത്തിയഞ്ചാം വയസ്സിലാണ് പനിയാഡി സതികമല രചിക്കുന്നത്. സ്വാതന്ത്ര്യ സമര സംബന്ധമായും ദേശീയോദ്ഗ്രഥനപരവുമായ അദ്ദേഹത്തിന്റെ ചിന്തകളും പ്രവർത്തന പദ്ധതികളുമെല്ലാം ഈ നോവലിൽ പരാമർശിക്കപ്പെടുന്നുണ്ട്. പ്രാദേശിക ഭാഷയായ തുളുവിന്റെ സംരക്ഷണം, വിദേശവസ്തു ബഹിഷ്കരണം, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവശ്യകത, ജീവിതത്തിന്റെ എല്ലാ മേഖലകളിലും സാധ്യമാകേണ്ട ആധുനീകരണം, സ്ത്രീ-പുരുഷസമത്വം തുടങ്ങി സമകാലിക പ്രസക്തിയുള്ള നാനാ വിഷയങ്ങൾ വിശദമായിത്തന്നെ നോവൽ ചർച്ച ചെയ്യുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിലുമായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഈ വിഷയങ്ങളെ പ്രമേയമാക്കിയുള്ള നോവലുകൾ ഉണ്ടായിരുന്നു. അക്ഷരമാലയില്ലെന്നും സാഹിത്യമില്ലെന്നും പ്രബലമായ സംസ്കാരമില്ലെന്നും പറഞ്ഞ് അരുകുവൽക്കരിച്ച തുളുവും ഈ കാലഘട്ടത്തിലെ പ്രബലസാന്നിധ്യമാകുന്നുണ്ടെന്ന് സ്ഥാപിക്കാനാണ് ഇങ്ങനെയൊരാമുഖം.

കർണാട് സദാശിവറാവു, കോട്ട രാമകൃഷ്ണ കാറന്ത്, സി. കെ. ഭരദ്വാജ്, ഹിരിയടക്ക രാമരായമല്ലയ്യ, ഹിരിയടക്ക നാരായണ റാവു, ആർ. എസ്. ഷേണായി തുടങ്ങിയ പ്രമുഖരോടൊപ്പമാണ് പനിയാഡി സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയായത്. സി. എ. പൈ, പങ്കള നായക് എന്നിവരും പനിയാഡിക്കൊപ്പമുണ്ടായിരുന്നു. കെ. കെ. ഷെട്ടി, പൊളലി ഷീനപ്പ ഹെഗ്ഡെ, എൻ. എസ്. കില്ലെ എന്നിവർ അക്കാലത്തെ പ്രമുഖ കോൺഗ്രസ് പ്രവർത്തകരായിരുന്നു. സി. രാജഗോപാലാചാരിയുമായി അടുത്ത സൗഹൃദവും രാഷ്ട്രീയ സഹവർത്തിത്വവും പനിയാഡിക്കുണ്ടായിരുന്നു. ഖാൻ അബ്ദുൾ ഗാഫർ ഖാന്റെ ആരാധനകനായ പനിയാഡി ചുവന്ന വസ്ത്രം ധരിച്ച് 'റെഡ് ഷർട്ട്' എന്ന് സ്വയം വിശേഷിപ്പിക്കുകയും ചെയ്തു. ആർ. ആർ. ദിവാകറിന്റെ അദ്ധ്യക്ഷതയിൽ 1923-ൽ നടന്ന ദക്ഷിണ കന്നട ജില്ലാകോൺഗ്രസ് സമ്മേളനത്തിലും ഗംഗാധർ റാവു ദേശ്പാണ്ഡെ അദ്ധ്യക്ഷത വഹിച്ച 1928-ലെ സമ്മേളനത്തിലും പനിയാഡി പങ്കെടുത്തു.



എം. ഉമേശ് റാവു

1927-ൽ ഗാന്ധിജി മംഗലാപുരം സന്ദർശിച്ചപ്പോൾ പനിയാഡി സജീവമായി രംഗത്തുണ്ടായിരുന്നു. 1930-ൽ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത് ഹിരിയടക്ക രാമരായമല്ലയ്യ , കർണാട് സദാശിവ റാവു, എം. ഉമേശ് റാവു, ഷെയ്ഖ് യൂസഫ് സാഹിബ്ബ്, എൻ. എസ്. കില്ലെ, കൃഷ്ണറാവു കുഡ്ഗി, പൊളലി ഷീനപ്പ ഹെഗ്ഡെ എന്നീ കോൺഗ്രസ്സ് പ്രവർത്തകരോടൊപ്പം അദ്ദേഹം അറസ്റ്റു വരിച്ചു. തൃശ്ശിനാപ്പള്ളി ജയിലിലേക്കാണ് ഇവരെ ആദ്യം കൊണ്ടുപോയതെങ്കിലും പിന്നീട് വെല്ലൂർ ജയിലിലേക്ക് മാറ്റുകയുണ്ടായി. അവിടെ വെച്ചാണ് സഹപ്രവർത്തകരോടു ചേർന്ന് തുളുഭാഷയുടെയും നാടിന്റെയും വിമോചനത്തിനാവശ്യമായ ഗാഢമായ ആലോചനകൾ പനിയാഡി നടത്തിയത്.

ഗാന്ധിജി കർണാടകത്തിൽ സന്ദർശനം നടത്തിയ വേളയിൽ ഉടുപ്പിയിൽ വെച്ച് പനിയാഡിയുടെ ഭാര്യ ഭാരതീഭായി ആഭരണങ്ങളെല്ലാം ഊരി ഒരു താലത്തിൽവെച്ച് അദ്ദേഹത്തിനു നൽകുകയുണ്ടായി. അന്ന് പിഞ്ചുകുഞ്ഞായിരുന്ന മകൻ വദിരാജാണ് ആഭരണം കൈമാറിയത്. 1937-ൽ നെഹറു ജില്ല സന്ദർശിച്ചപ്പോൾ പനിയാഡിയെയാണ് സെക്രട്ടറിയായി നിയമിച്ചത്. പനിയാഡി നിർദേശം സ്വീകരിച്ചില്ലെങ്കിലും മകന് ജവഹർ എന്ന് പേരിടുകയുണ്ടായി. ദളിത് വിമോചനം, ഖാദി പ്രചാരണം എന്നിവയിലൂന്നിയായിരുന്നു പനിയാഡിയുടെ സ്വാതന്ത്ര്യ സമരത്തിലുള്ള ഇടപെടൽ. അനേകം ദളിതരെ സംഘടിപ്പിച്ചുകൊണ്ട് പനിയാഡി ഉടുപ്പിയിലെ അനന്തേശ്വര ക്ഷേത്ര പ്രവേശനത്തിനായി തുനിഞ്ഞ കഥ ദക്ഷിണ കർണ്ണാടത്തിലെ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ തിളങ്ങുന്ന അദ്ധ്യായമാണ്. പനിയാഡിയുടെ ജ്യേഷ്ഠനായിരുന്നു അന്ന് ക്ഷേത്ര പൂജാരി. പൂജാരി ക്ഷേത്രത്തിന്റെ പടിക്കൽ കിടന്ന് തന്നെ കവച്ചു കൊണ്ടേ പ്രവേശനം സാധ്യമാകൂ എന്ന് പനിയാഡിയെ വെല്ലുവിളിച്ചു. പനിയാഡി ആ വെല്ലുവിളി സ്വീകരിച്ചില്ലെങ്കിലും തന്റെ പരിഷ്കരണ സംരംഭങ്ങൾ തുടർന്നു. 1959-ൽ മദ്രാസിൽ വെച്ച് ഹൃദയസ്തംഭനം മൂലം പനിയാഡി മരിച്ചു.



ഇ. എം. എസ്.

2006-ലാണ് 'മിത്തബയൽ യമുനക്ക' പ്രസിദ്ധീകരിക്കുന്നത്. പേരു സൂചിപ്പിക്കുന്നതുപോലെ സ്ത്രീശക്തിയെ ഉദാഹരിക്കുന്ന നോവലാണിത്. മിത്തബയൽ ബാരബയൽ എന്നീ രണ്ടു തറവാടുകളെ കേന്ദ്രീകരിച്ചു കൊണ്ട് തുളുനാടിന്റെ ഏതാണ്ട് അഞ്ഞൂറ് വർഷത്തെ സാംസ്കാരിക ചരിത്രമാണ് ഈ നോവലിലെ പ്രമേയം. മിത്തബയൽ എന്ന കാട്ടു പ്രദേശം കൃഷിയോഗ്യമാക്കൽ, തറവാടിന്റെ രൂപീകരണം, വളർച്ച, ആഭ്യന്തരവും ബാഹ്യവുമായ സംഘർഷങ്ങൾ, പുതു തലമുറയുടെ ഇടപെടൽ, സ്വാതന്ത്ര്യ സമരത്തിലുള്ള പങ്കാളിത്തം, ഹരിജനോദ്ധാരണം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയവ ഒരു ഭാഗത്ത്. കുമ്പള, മായിപ്പാടി രാജവംശങ്ങൾ, പോർച്ചുഗീസ് അധിനിവേശം, അറബികളുമായുള്ള കച്ചവട ബന്ധം, ബ്രിട്ടീഷ് അധിനിവേശം, ഭൂപ്രഭുക്കന്മാർ തമ്മിലുള്ള സംഘർഷം, നാട്ടുരാജ്യങ്ങൾ തമ്മിലുള്ള സംഘർഷം, രണ്ടാം ലോകമഹായുദ്ധം, ഗാന്ധിജിയുടെ നേതൃത്വം, സ്വാതന്ത്ര്യ സമരത്തിന്റെ വിവിധ ഘട്ടങ്ങൾ, ബ്രിട്ടീഷ് മർദ്ദനം, ഗാന്ധിജിയുടെ മംഗലാപുരം സന്ദർശനം, ഗോവിന്ദ പൈയുടെ വ്യക്തി ജീവിതവും രാഷ്ട്രീയ ജീവിതവും, മദ്രാസ് സംസ്ഥാനത്തിന്റെ രൂപീകരണം, സ്വാതന്ത്ര്യാനന്തരം സംഭവിച്ച നൈതികമായ അധഃപതനം തുടങ്ങിയവ മറുഭാഗത്തുമായി വിശാലമായ കാൻവാസിൽ രചിക്കപ്പെട്ടതാണ് ഈ നോവൽ. കയ്യൂർ സമരവും ഇ. എം. എസ്. മന്ത്രിസഭയുടെ ഭൂപരിഷ്കരണ യത്നങ്ങളുമൊക്കെ സാന്ദർഭികമായി നോവലിൽ കടന്നുവരുന്നു. ഇന്ത്യൻ ഭാഷകളിൽ എഴുതപ്പെട്ട മഹത്തായ നോവലുകളിലൊന്നാണ് 'മിത്തബയൽ യമുനക്ക'.



യു. ആർ. അനന്തമൂർത്തി

വർത്തമാനത്തിലൂന്നി ഒരു നാടിന്റെ ഭൂതകാലത്തിലേക്കുള്ള സഞ്ചാരമാണ് നോവലിസ്റ്റ് നടത്തുന്നത്. ചരിത്രപരവും, നാടോടി വിജ്ഞാനീയവും, സാംസ്കാരികവും, നരവംശശാസ്ത്രപരവും സാമൂഹ്യ ശാസ്ത്രപരവുമായ കോണുകളിലൂടെയുള്ള വായന സാധ്യമാക്കുന്നു എന്നതാണ് ഈ നോവലിന്റെ മറ്റൊരു പ്രത്യേകതയെന്ന് യു. ആർ. അനന്തമൂർത്തിയും, ഗുത്തു മനകളെകേന്ദ്രീകരിച്ചുള്ള സാമൂഹികവും രാഷ്ട്രീയവുമായ അധികാരത്തിന്റെ സങ്കീർണ്ണതകളാണ് ഈ നോവലിലെ പ്രതിപാദ്യമെന്നും തൗളവരുടെ ഭൂത-വർത്തമാനങ്ങൾ അടുത്തറിയാൻ ഈ നോവലിലൂടെ സാധിക്കുമെന്നും ബി. എ. വിവേക് റായ്യും അഭിപ്രയപ്പെട്ടിട്ടുണ്ട്. മിത്തബയലിലെ സുബ്ബയ്യയും ഗോവിന്ദ പൈയും ചേർന്ന് തുളുനാട്ടിൽ നടത്തിയ സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾ തുളു നാടിനെ ഇന്ത്യയിലെ മറ്റു പ്രദേശങ്ങൾക്ക് സമശീർഷ്കമാക്കുന്നു. ഗാന്ധിജിയുമായി ഗോവിന്ദ പൈക്കുണ്ടായിരുന്ന ഗാഢസൗഹൃദവും വ്യക്തി ജീവിതത്തിൽ കാട്ടിയ പ്രത്യേക താൽപ്പര്യവും ഈ നോവലിലെ കരളലിയിക്കുന്ന സന്ദർഭങ്ങൾക്ക് കാരണമായിട്ടുണ്ട്. ഗോവിന്ദ പൈയുടെ പത്നിയുടെ അസുഖവും ദാരുണമായ അന്ത്യവും ഇതോട് ചേർത്തുവായിക്കേണ്ടതാണ്.

ഗാന്ധിജിയുടെ ഊന്നുവടി തുളുനാടിന്റെ സംഭാവനയാണെന്ന് നോവലിൽ സൂചിപ്പിക്കുന്നുണ്ട്. അതുപോലെ ഗാന്ധിജിയുടെ തീവണ്ടി മാർഗമുള്ള മംഗലാപുരം യാത്ര കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിലും ദക്ഷിണ കാനറയിലും ഉണ്ടാക്കിയ നവോന്മേഷവും പ്രത്യേകം പരാമർശിക്കപ്പെടുന്നുണ്ട്. സ്വാതന്ത്ര്യലബ്ധിയോടെ അതിന്റെ മുന്നണിപ്പോരാളികളോട് നാം കാട്ടിയ അവഗണയും കൃതഘ്നതയും അധികാരത്തോടുള്ള ആർത്തിയും വീണ്ടുവിചാരത്തിനു പ്രേരിപ്പിക്കും വിധമാണ് നോവലിൽ ആഖ്യാനം ചെയ്യപ്പെടുന്നത്.

□

# ഡോ. എ. എം. ശ്രീധരൻ



കണ്ണൂർ സർവ്വകലാശാല മലയാളം പഠന വകുപ്പ് അദ്ധ്യക്ഷൻ, വിദൂര വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, HRDC ഡയറക്ടർ എന്നീ പദവികളിൽ ജോലി ചെയ്തു.

തുളു മലയാളം നിഘണ്ടു, ബ്യാരി ഭാഷാ നിഘണ്ടു എന്നിവ രചിച്ചു. തുളുവിലെ ആദ്യനോവലായ സതികമലെയടക്കം നിരവധി കൃതികൾ വിവർത്തനം ചെയ്തു. തമിഴ് മഹാകാവ്യം മണിമേഖലയ്ക്ക് ആദ്യമായി പദ്യ വിവർത്തനമൊരുക്കി.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014